പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1064 — 25.01.2018 ന് മറുപടിയ്ക്ക്.

## കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ദാസൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 'മികവിന്റെ കേന്ദ്രം' പദ്ധതിയിലുൾപ്പെടുത്തിയ കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.യുടെ വികസനത്തിനായി തയ്യാറാ ക്കിയ മാസ്റ്റർ പ്ലാനിൽ എന്തെല്ലാം നടപടി കളാണ് തുടർന്നുവരുന്നതെന്ന് വിശദ മാക്കാമോ; | (എ) കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി ഐ.ടി.ഐ ഉൾപ്പെടെ 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ചു വരുന്നു. |
| (ബി) ഇവിടെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ.യ്ക്ക് അനുസൃതമായ കോഴ്സുകൾ അനുവദിക്കുന്ന തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) കൊയിലാണ്ടി ഐ.ടി.ഐ യെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ ആയി ഉയർത്തുന്നതിനായി പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം നിലവിലെ സാമ്പത്തിക സാഹചര്യം മുൻനിർത്തി ഈ സാമ്പത്തിക വർഷത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ല. |
| (സി) കൊയിലാണ്ടി ഐ.ടി.ഐ.യുടെ വികസനത്തിനായി തൊട്ടടുത്ത് ലഭ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് തലത്തിൽ, ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) ഐ.ടി.ഐയുടെ വികസനത്തിനായി ഐ.ടി.ഐയുടെ മെയിൻഗേറ്റിന് മുൻവശത്തായി ചൂണ്ടിക്കാട്ടിയിട്ടുള്ള സ്ഥലം സ്വകാര്യ ഭൂമി ആയതിനാൽ ടി സ്ഥലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിത്തരുമോ എന്ന വിവരവും ടി ഐ.ടി.ഐയോട് ചേർന്ന് വേറെ റവന്യൂ പുറമ്പോക്ക് സ്ഥലം ലഭ്യമാണോയെന്ന വിവരവും വ്യാവസായിക പരിശീലന വകുപ്പ് പരിശോധിച്ചു വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ